# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 1654** **04.10.2016- ൽ മറുപടിക്ക്**

### കൈത്തറി യൂണിഫോം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.എ.എൻ.ഷംസീർ<br>ശ്രീ.ഐ.ബി.സതീഷ്<br>ശ്രീ.പി.ഉണ്ണി | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ, എയിഡഡ് വിദ്യാലയങ്ങളിലെ കുട്ടികൾക്ക് സൗജന്യമായി കൈത്തറി യൂണിഫോം നൽകാനുള്ള തീരുമാനം, പ്രതിസന്ധി നേരിടുന്ന കൈത്തറി വ്യവസായം പുനരുജ്ജീവിപ്പിക്കാൻ എത്രമാത്രം സഹായകരമായിരിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) സ്ഥിരമായ ജോലിയും വരുമാനമില്ലായ്മയുമാണ് ഇന്ന് കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി. സൗജന്യമായി കൈത്തറി യൂണിഫോം വിദ്യാർത്ഥികൾക്ക് നൽകുന്ന പദ്ധതിയിലൂടെ തൊഴിലാളികൾക്ക് വർഷത്തിൽ കുറഞ്ഞത് 200 ദിവസത്തെ തൊഴിൽ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ വരുമാന വർദ്ധനവ് ഉണ്ടാകുകയും ചെയ്യും. ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്ക് നിലവിലുള്ള തറികൾ നവീകരിക്കുന്നതിനും കൈത്തറി മേഖലയിൽ ഭാഗികയന്ത്രവൽക്കരണം നടപ്പിലാക്കി നവീകരിക്കുന്നതിനും ലക്ഷ്യമിടുന്നു. |
| (ബി) ഇതിനായി എത്ര അധികം കൈത്തറി തുണി ഉല്പാദിപ്പിക്കേണ്ടിവരുമെന്നും അതുവഴി എത്ര പേർക്ക് നേരിട്ടും അല്ലാതെയും തൊഴിൽ ലഭിക്കുമെന്നും കണക്കാക്കിയിട്ടുണ്ടോ; | (ബി) ഈ പദ്ധതിയ്ക്കായി ഒരു സ്കൂൾ വർഷം ഓരോ വിദ്യാർത്ഥിക്കും 2 സെറ്റ് യൂണിഫോം നൽകുന്നതിന് 130 ലക്ഷം മീറ്റർ തുണി വേണ്ടി വരുമെന്ന് കണക്കാക്കുന്നു. നേരിട്ടും അല്ലാതെയും ഏകദേശം 23,000-ത്തോളം നെയ്ത്തുകാർക്ക് തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) ഈ പദ്ധതിക്കാവശ്യമായ തുണി എങ്ങനെ ശേഖരിക്കാൻ ഉദ്ദേശിക്കുന്നു; സംസ്ഥാനത്തിന് പുറത്തു നിന്നും തുണി കൊണ്ടുവരുന്ന വ്യാജ സംഘങ്ങൾ ഇതിന്റെ ആനുകൂല്യം ദുരുപയോഗം ചെയ്യാതിരിക്കാൻ മുൻകരുതൽ എടുക്കുമോ? | (സി) ഈ പദ്ധതിക്കാവശ്യമായി വരുന്ന 130 ലക്ഷം മീറ്റർ തുണി കേരളത്തിനകത്ത് നിന്നും തന്നെ ഉൽപാദിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. തുണി സുതാര്യമായി സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും വ്യക്തമായ പരിപാടികൾ ആസൂത്രണം ചെയ്യുന്നതാണ്. ഇതിലൂടെ വ്യാജ സംഘങ്ങളെ ഒഴിവാക്കാൻ സാധിക്കും. |

**സെക്ഷൻ ഓഫീസർ**